## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2060** **21-06-2024 - ൽ മറുപടിയ്ക്ക്**

## പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിന് നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2018-ലെ പ്രളയത്തിനുശേഷം മഴക്കെടുതികളെയും പ്രകൃതിദുരന്തങ്ങളെയും നേരിടുന്നതിനായി സംസ്ഥാനം ഏതെല്ലാം തരത്തിൽ സജ്ജമായിട്ടുണ്ടെന്നു വിശദമാക്കുമോ; മഴക്കെടുതികളും വെള്ളപൊക്കവും മറ്റ് പ്രകൃതിദുരന്തങ്ങളും നിരന്തരം ആവർത്തിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | ദുരന്ത വിശകലന വിദഗ്ദരുടെ അഭിപ്രായത്തിൽ കേരള സംസ്ഥാനം ബഹുമുഖ അപകട സാധ്യത സോണിലാണ് ഉൾപ്പെട്ടു വരുന്നത്. Geological Survey of India 2018 പ്രളയാനന്തരം കേരളത്തിലെ മലയോര മേഖലയിലെ അപകടകരമായ വീടുകൾ കണ്ടെത്തി പ്രസ്തുത വിവരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് കൈമാറിയിട്ടുണ്ട്. ഈ വീടുകളുടെ ഉടമസ്ഥർക്ക് പ്രസ്തുത സ്ഥലത്ത് നിന്നും താമസം മാറ്റുവാനായി 6 ലക്ഷം രൂപ വരെ സ്ഥലം വാങ്ങുവാനും, 4 ലക്ഷം രൂപ വീട് നിർമ്മിക്കുവാനും അനുവദിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ ദുരന്തങ്ങളെ നേരിടുന്നതിനായിയുള്ള "കാലവർഷ തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖ" ദുരന്ത പ്രവർത്തനങ്ങളിൽ സമയോചിതമായ ജാഗ്രതാ സന്ദേശ പ്രചാരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കവചം(Kerala Warnings, Hazards and Crisis Management system KaWaCHaM) ഇന്ത്യയിലെ ആദ്യത്തെ സംയോജിത ക്ലൗഡ് അധിഷ്ഠിത മുൻകൂർ മുന്നറിയിപ്പ് സംവിധാനം ഒരുക്കിയിട്ടുണ്ട്. മുന്നറിയിപ്പുകൾ, ദുരന്ത പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ്, പ്രതികരണ ശേഷി ഉറപ്പാക്കുക, അറിവ് പ്രചരിപ്പിക്കുക എന്നിവ ചട്ടക്കൂടിന് കീഴിൽ കൊണ്ട് വരുകയാണ് കവചം പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം സൈറണുകളും സ്ട്രോബ് ലൈറ്റുകളും വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ കാലാവസ്ഥ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലും യുവി റേഡിയോമീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതോടൊപ്പം സംസ്ഥാനത്തുടനീളം IMD 100 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ (AWS) സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ പദ്ധതികളായ ദേശീയ ചുഴലിക്കാറ്റ് ദുരന്ത സാധ്യതാ ലഘൂകരണ പദ്ധതി (NCRMP) Phase III, ദേശീയ മണ്ണിടിച്ചിൽ ദുരന്ത സാധ്യതാ ലഘൂകരണ പദ്ധതി (NLRMP), ആപ്ദമിത്ര Phase II, സെൻഡായ് ചട്ടക്കൂട് (Sendai Framework), നീതി ആയോഗ് അഭിലാഷ ജില്ലാ പ്രോഗ്രാം (Niti Aayog Aspirational Districts Programme), കോമൺ അലർട്ട് പ്രോട്ടോകോൾ (CAP), എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം (ERSS 112) എന്നിവ നടപ്പിലാക്കി വരുന്നു.<br><br>റീബിൽഡ് കേരള പ്രോഗ്രാമിൽ- PforR - DLI5- കാലാവസ്ഥാ വ്യതിയാന വിവരങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് പ്ലാനുകളുമായി സംയോജിപ്പിച്ചിട്ടുണ്ട്.<br><br>സെന്റർ ഫോർ ഡിസാസ്റ്റർ റിസിലിയൻസ്, റെഡ് ക്രോസ് റെഡ് ക്രസന്റ് ക്ലൈമറ്റ് സെന്റർ, നെതർലാൻഡിലെ ദി റോയൽ നെതർലാൻഡ്സ് മെറ്റീരിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ബാങ്കോക്കിലെ ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും ഏഷ്യൻ ഡിസാസ്റ്റർ പ്രിപ്പയേഡ്നെസ് സെന്റർ നോർവേയിലെ നോർവീജിയൻ ജിയോ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും (NGI) നാൻസൻ റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ തുടങ്ങിയ ലോകമെമ്പാടുമുള്ള ദുരന്തനിവാരണ രംഗത്തെ സ്ഥാപനങ്ങളുമായി ശാസ്ത്രീയ-സാങ്കേതികമായ സഹകരണം ആരംഭിച്ചിട്ടുണ്ട്. ഇൻഡോ-നോർവീജിയൻ ഇന്റർനാഷണൽ പദ്ധതിയായ കേരളത്തിന്റെ തീരദേശ ആവാസവ്യവസ്ഥയിൽ കാലാവസ്ഥാ വ്യതിയാന ആഘാതം (C3-eKerala) എന്ന് 5 വർഷത്തെ പദ്ധതി ഔദ്യോഗികമായി 2023 ഡിസംബറിൽ ആരംഭിച്ചു. സുരക്ഷിത സ്കൂളുകൾക്കായി UNICEFമായി സഹകരിച്ച "USchoolApp" എന്ന് വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്, ഇത് സ്കൂൾ സുരക്ഷാ പദ്ധതികൾ തയ്യാറാക്കുന്നതിൽ അധ്യാപകർക്ക് സഹായകമായി പ്രവർത്തിക്കുന്നു. സ്കൂൾ സുരക്ഷയ്ക്കും USchoolAppനുള്ള പരിശീലനം ജില്ലകൾക്ക് നൽകിയിട്ടുണ്ട്. |
| (ബി) | 2018-ലെ പ്രളയത്തിനുശേഷം മഴക്കെടുതികളെയും പ്രകൃതിദുരന്തങ്ങളെയും നേരിടുന്നതിനായി എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്നും ഇതിനായി ഏതെങ്കിലും കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ടോയെന്നും പ്രസ്തുത | (ബി) | 2018 ലെ അതി തീവ്രമായ മഴ, പ്രളയം, ഉരുൾപൊട്ടൽ, കാലാവസ്ഥ വ്യതിയാനം എന്നിവയെ സംബന്ധിച്ച് പഠിക്കുവാൻ ശാസ്ത്ര സാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു സമിതിയെ നിയോഗിച്ചു. |

| | | | |
|---|---|---|---|
| | കമ്മിറ്റികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | | പ്രസ്തുത സമിതി ഇതിന്മേൽ വിശദമായ പഠനം നടത്തുകയും അനിവാര്യമായ ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് സംസ്ഥാന സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു. യു.എൻ.ഇ.പി, യു.എൻ ഗ്രിഡ്, ച്ചിമ ഫൌൻഡേഷൻ ഇറ്റലി എന്നിവരുടെ സഹായത്തോടെ 10 , 25, 50, 100, 200, 500 വർഷ പ്രളയ ആവർത്തന സാധ്യത പ്രദേശങ്ങളുടെ സൂക്ഷ്മ ഭൂപടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെന്റർ ഫോർ ഡിസാസ്റ്റർ റിസിലിയൻസ്, റെഡ് ക്രോസ് റെഡ് ക്രസന്റ് ക്ലൈമറ്റ് സെന്റർ, നെതർലാൻഡിലെ ദി റോയൽ നെതർലാൻഡ്സ് മെറ്റീരിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ബാങ്കോക്കിലെ ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും ഏഷ്യൻ ഡിസാസ്റ്റർ പ്രിപേർഡ്നെസ് സെന്റർ നോർവേയിലെ നോർവീജിയൻ ജിയോ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും (NGI) നാൻസൻ റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെൻർ തുടങ്ങിയ ലോകമെമ്പാടുമുള്ള ദുരന്തനിവാരണ രംഗത്തെ സ്ഥാപനങ്ങളുമായി KSDMA ശാസ്ത്രീയ-സാങ്കേതികമായ സഹകരണം ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രകൃതിദുരന്തങ്ങളെ നേരിടുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച വിദേശമാതൃകകളുടെ നിലവിലത്തെ സ്ഥിതി അറിയിക്കുമോ? | (സി) | 2018 ലെ അതി തീവ്രമായ മഴ, പ്രളയം, ഉരുൾപൊട്ടൽ, കാലാവസ്ഥ വ്യതിയാനം എന്നിവയെ സംബന്ധിച്ച് പഠിക്കുവാൻ ശാസ്ത്ര സാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു സമിതിയെ നിയോഗിച്ചു. പ്രസ്തുത സമിതി ഇതിന്മേൽ വിശദമായ പഠനം നടത്തുകയും അനിവാര്യമായ ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് സംസ്ഥാന സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു. യു.എൻ.ഇ.പി, യു.എൻ ഗ്രിഡ്, ച്ചിമ ഫൌൻഡേഷൻ ഇറ്റലി എന്നിവരുടെ സഹായത്തോടെ 10 , 25, 50, 100, 200, 500 വർഷ പ്രളയ ആവർത്തന സാധ്യത പ്രദേശങ്ങളുടെ സൂക്ഷ്മ ഭൂപടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെന്റർ ഫോർ ഡിസാസ്റ്റർ റിസിലിയൻസ്, റെഡ് ക്രോസ് റെഡ് ക്രസന്റ് ക്ലൈമറ്റ് സെന്റർ, നെതർലാൻഡിലെ ദി റോയൽ നെതർലാൻഡ്സ് മെറ്റീരിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ബാങ്കോക്കിലെ ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും ഏഷ്യൻ ഡിസാസ്റ്റർ പ്രിപേർഡ്നെസ് സെന്റർ നോർവേയിലെ നോർവീജിയൻ ജിയോ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും (NGI) നാൻസൻ റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെൻർ തുടങ്ങിയ ലോകമെമ്പാടുമുള്ള ദുരന്തനിവാരണ രംഗത്തെ സ്ഥാപനങ്ങളുമായി KSDMA ശാസ്ത്രീയ-സാങ്കേതികമായ സഹകരണം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ